LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി കണക്ഷൻ നൽകുന്നതിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ അധികൃതരുടെ എതിർപ്പ്

60 (5465) ശ്രീ. കെ. ബി. ഗണേഷ് കുമാർ
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ആയിരനല്ലൂർ എസ്റ്റേറ്റ് അധികൃതരുടെ എതിർപ്പുമൂലം കേളൻകാവ് ധർഭമൺ ചതുപ്പ് പ്രദേശം ഗ്രാമവാസികൾക്ക് എം.എൽ.എ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ അനുവദിച്ച വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ലോറി ഗതാഗതവും ടെലിഫോൺ കണക്ഷനും അനുവദിക്കപ്പെട്ടിട്ടുള്ള പ്രസ്തുത റോഡിൽ വൈദ്യുതി കണക്ഷൻ വിലക്കുന്ന റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ അധികൃതരുടെ നിലപാട് പുനഃപരിശോധിച്ച് ഗ്രാമവാസികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ആയിരനല്ലൂർ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത് വനം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത ഭൂമിയിലായതിനാലും പ്രസ്തുത ഭൂമി ഫോറസ്റ്റ് കൺസർവേഷൻ നിയമം ബാധകമായ റിസർവ് വനഭൂമിയായതിനാലും ടി പ്ലാന്റേഷനുള്ളിൽ കൂടി വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. ബന്ധപ്പെട്ട കക്ഷികൾക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന് ഇക്കാര്യം പരിഗണിക്കുവാൻ കഴിയൂ.

വർക്ക്മെൻ കോമ്പൻസേഷൻ കോടതിയിലെ കേസ്സുകൾ

61 (5466) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വർക്ക്മെൻ കോമ്പൻസേഷൻ കോടതിയിൽ കേസ്സുകൾ കെട്ടിക്കിടക്കുന്നതു കാരണം പരാതിക്കാരായ തൊഴിലാളികൾ കടുത്ത ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കോടതിയിൽ ഇത്തരം വിഷയങ്ങൾ പെട്ടെന്ന് തീർപ്പാക്കുന്നതിന് ഒരു സ്ഥിരം കമ്മീഷനെ നിയമിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ചിലെ കോഴ്സുകൾ

62 (5467) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ച് എന്ന സ്ഥാപനം എന്നുമുതൽ എവിടെയാണ് ആരംഭിച്ചത് ;

(ബി) ഈ സ്ഥാപനം വഴി ഏതൊക്കെ കോഴ്സുകളും പരിശീലനങ്ങളുമാണ് നടത്തുന്നത് ;

(സി) ഈ കോഴ്സുകളുടെ പഠനം പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ജോലി ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 27-2-2009-ൽ കൊച്ചി ഫാക്റ്റ് കൃാംമ്പസ്സിൽ പ്രവർത്തനം ആരംഭിച്ചു.

(ബി)

1. ബേസിക് വെൽഡിംഗ് കോഴ്സ്

2. ഇൻഡ്യൻ ബോയിലർ റെഗുലേഷൻ (IBR) വെൽഡിംഗ് കോഴ്സ്

3. TIG (ടംഗ്സ്റ്റൺ ഇനർട്ട് ഗ്യാസ് വെൽഡിംഗ്)

4. MIG (മെറ്റൽ ഇനർട്ട് ഗ്യാസ് വെൽഡിംഗ്)

5. സബ്മെർജ്ഡ് ആർക്ക് വെൽഡിംഗ്

6. ഇൻസ്പെക്ഷൻ കോഴ്സ് വെൽഡിംഗ് (NDT) എന്നീ കോഴ്സുകളാണ് നടത്തുന്നത്.

(സി) ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്തും വിദേശത്തും എളുപ്പം ജോലി ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly